പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2196 5.5.2017 ൽ മറുപടിയ്ക്ക്

## അംഗപരിമിതർക്കായുള്ള ജോലി സംവരണം

ചോദ്യം മറുപടി

ശ്രീ.മുഹമ്മദ് മുഹസിൻ.പി ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) നിലവിൽ അംഗപരിമിതർക്കായി സർക്കാർ ജോലിയിൽ എത്ര ശതമാനം സംവരണം ആണ് ഏർപ്പെടുത്തിയിട്ടുള്ളത് ; താത്കാലികമായി ജോലി ചെയ്തു വരുന്ന ജീവനക്കാരിൽ ഏതു ദിവസം വരെ ജോലിയിൽ പ്രവേശിച്ചവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; | (എ) നിലവിൽ അംഗപരിമിതർക്കായി സർക്കാർ ജോലിയിൽ 3% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. 31.12.2003 വരെ താൽക്കാലികമായി ജോലി ചെയ്ത ജീവനക്കാർക്ക് സ്ഥിരനിയമനം നൽകിയിട്ടുണ്ട്. |
| (ബി) 10 വർഷമായി താത്കാലികമായി ജോലിചെയ്യുന്നവർ സ്ഥിര ജോലിക്കായി കാത്തിരിക്കുന്നു എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; മാനുഷിക പരിഗണനമുൻനിർത്തി ഇവരെ സ്ഥിരജോലിക്കായി പരിഗണിക്കുന്നത് വേഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 16.8.99 നും 31.12.2003 നുമിടയിൽ താൽക്കാലികമായി 179 ദിവസവും വിട്ടുതൽ ദിവസം പൊതു അവധി/അവധികൾ ആയതിനാൽ 179 ദിവസം പൂർത്തിയാക്കാൻ സാധിക്കാത്തതുമായ അംഗപരിമിതർക്ക് പുനർനിയമനം നൽകുവാൻ സർക്കാർ തീരുമാനിക്കുകയും അതു നടപ്പിലാക്കി വരുന്നുമുണ്ട്. 2004 മുതൽ 2007 വരെയുള്ള ബാക്ക് ലോഗ് വേക്കൻസികൾ കണ്ടെത്തുകയും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തിവരികയുമാണ്. 2008 മുതൽ പി.എസ്.സി വഴിയാണ് നിയമനം നടത്തുന്നത് |

സെക്ഷൻ ഓഫീസർ